(28) കെ.എച്ച്.ഡി.പി.യുടെ പ്രവർത്തനം നിലനിർത്തുന്നതിനുള്ള നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1993-ൽ തുടങ്ങിയ കേരള ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് പ്രോഗ്രാം ഇന്ന് പ്രതിസന്ധിയിലാണ്. കെ.എച്ച്.ഡി.പി.യുടെ ഗുണഭോക്താക്കളായി ഏകദേശം 40,000 കർഷകരുണ്ട്. 300-ഓളം ജീവനക്കാർ പദ്ധതിയുടെ നിലനിൽപ്പിനെക്കുറിച്ച് ആശങ്കാകുലരാണ്. കേരള സർക്കാരിന്റേയും യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ തുടങ്ങിയ പദ്ധതി ഉപേക്ഷിക്കാൻ കേരള സർക്കാർ തീരുമാനിച്ചതായി ലഭിച്ച വിവരമാണ് കർഷകരേയും ജീവനക്കാരേയും ഒരുപോലെ പരിഭ്രാന്തരാക്കിയിട്ടുള്ളത്. ഗവേഷണം, സാങ്കേതികവിദ്യ, വികസനം, പരിശീലനം, ഉല്പാദനം, വിപണനം, വായ്പ, സംസ്ക്കരണം തുടങ്ങിയ, കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനമേഖലകളിലും കെ.എച്ച്.ഡി.പി. കഴിഞ്ഞ ആറു വർഷമായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരികയാണ്. കേരളത്തിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പഴം, പച്ചക്കറിക്കർഷകരുടെ കാർഷികോല്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കുന്ന ഈ സംരംഭം കർഷകർക്കിടയിൽ പരക്കെ സ്വീകാര്യമായിട്ടുണ്ട്. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ആകൃഷ്ടരായി അഭ്യസ്തവിദ്യരായ നിരവധി യുവകർഷകർ ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് സംസ്ഥാനത്തെ ഹോർട്ടികൾച്ചർ മേഖലയിലെ മുന്നേറ്റത്തിന്റെ സൂചനയാണ്. ഇപ്പോൾ കെ.എച്ച്.ഡി.പി. കർഷകരെ സാമ്പത്തികമായും സാങ്കേതികമായും സഹായിക്കുന്നുണ്ട്. അതുകൊണ്ട് ഇത് നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഈ രംഗത്ത് ഇപ്പോൾ പ്രതിസന്ധിയില്ല. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു സ്റ്റിയറിംഗ് കമ്മിറ്റിയാണ് കെ.എച്ച്.ഡി.പി..യുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടിയാണ് ഇത് പ്രവർത്തിക്കുന്നത്. കെ.എച്ച്.ഡി.പി.യുടെ കീഴിൽ ഇപ്പോൾ 1623 സ്വാശ്രയ ഗ്രൂപ്പുകളുണ്ട്. അവയിൽ 33,000 കർഷകർ അംഗങ്ങളാണ്. അവർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവ വിറ്റഴിക്കാൻവേണ്ടി 40 സ്വാശ്രയ വിപണികൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. 123 കോടി രൂപയുടെ പഴം, പച്ചക്കറി എന്നിവയാണ് ഒരു വർഷത്തിൽ അവർ ഉല്പാദിപ്പിക്കുന്നത്. ആ പ്രവർത്തനം വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. താൽക്കാലികാടിസ്ഥാനത്തിലാണ് ഇവിടെ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. കെ.എച്ച്.ഡി.പി.യുടെ കാലാവധി കഴിഞ്ഞാൽ അത് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഒരു പ്രൊമോഷൻ കൗൺസിലായിട്ടാണ് തീരുക. ആ പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് ഒരു ഉന്നതാധികാര കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം റിപ്പോർട്ട് സമർപ്പിക്കും. മന്ത്രിസഭ അത് പരിശോധിച്ചതിനുശേഷം മാത്രമാണ് ഏജൻസി രൂപീകരിക്കുന്നത്. ഏജൻസി രൂപീകരിച്ചുകഴിഞ്ഞാൽ ഇന്നത്തേക്കാൾ സുശക്തമായ രീതിയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly